(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) പെട്രോളിയം കമ്പനികളാണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത്.

(ഇ) പാചകവാതകം ഇന്ധനമായി ഉപയോഗിക്കുന്നത് നിയമവിരുദ്ധമാണ്. എന്നാൽ എൽ.പി. ഗ്യാസ് ഉപയോഗിക്കുന്ന ആട്ടോറിക്ഷകളുടെയും കാറുകളുടെയും വാടക കുറയ്ക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

മോട്ടോർവാഹന വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം

91 [555] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർവാഹന വകുപ്പ് കമ്പ്യൂട്ടർവൽക്കരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) കമ്പ്യൂട്ടർവൽക്കരണത്തിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്;

(സി) ഇതുമായി ബന്ധപ്പെട്ട് ഏതെല്ലാം സ്ഥാപനങ്ങളാണ് കമ്മീഷൻ നൽകിയിട്ടുള്ളത്;

(ഡി) കേരളത്തിലെ പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ കമ്മീഷൻ നൽകുകയുണ്ടായോ;

(ഇ) കെൽട്രോണിനെ അവഗണിച്ച് സ്വകാര്യസ്ഥാപനത്തിന് കമ്പ്യൂട്ടർവൽക്കരണ ചുമതല നൽകുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ്, ഹൈദ്രാബാദ് എന്ന കേന്ദ്ര സർക്കാർ സ്ഥാപനത്തെയാണ് കമ്പ്യൂട്ടർവൽക്കരണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്.

(സി) 1. ഐ. എൽ. & എഫ്. എസ്., മുംബൈ.

2. കമ്പ്യൂട്ടർ മെയിന്റനൻസ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം.

3. സെൻസാർ ടെക്നോളജിസ് ലിമിറ്റഡ്, പൂന.

4. ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ്, ഹൈദ്രാബാദ്.

5. നെസ്റ്റ് സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ്, ആലുവ.

LIBRARY ARCHIVES Kerala Legislative Assembly

6. കെൽട്രോൺ, തിരുവനന്തപുരം.

7. ബി.പി.എൽ. ടെലികോം പ്രൈവറ്റ് ലിമിറ്റഡ്, പാലക്കാട് എന്നീ ഏഴ് സ്ഥാപനങ്ങളാണ് ക്വട്ടേഷൻ നൽകിയിരുന്നത്.

(ഡി) നൽകുകയുണ്ടായി.

(ഇ) ടെണ്ടർ നോട്ടീസ്പ്രകാരം ഓരോ കമ്പനിയും ടെക്നിക്കൽ ബിഡ്, ഫിനാൻഷ്യൽ ബിഡ് എന്നിവ പ്രത്യേകം സമർപ്പിക്കണമെന്നും സാങ്കേതിക മികവും പ്രവർത്തനപരിചയവും സാമ്പത്തികഭദ്രതയുമുള്ള കമ്പനികളെ മാത്രമേ ദർഘാസിൽ പങ്കെടുക്കാൻ അനുവദിക്കുകയുള്ളു എന്നും നിഷ്കർഷിച്ചിരുന്നു. ടെക്നിക്കൽ ബിഡ് പരിശോധിക്കുന്നതിന് 5 അംഗങ്ങളുള്ള ഒരു വിദഗ്ദ്ധസമിതിയെ നിയമിച്ചിരുന്നു. പ്രസ്തുത വിദഗ്ദ്ധസമിതിയുടെ വിലയിരുത്തലിൽ ദർഘാസിൽ നിഷ്കർഷിച്ചിരുന്ന നിബന്ധനകൾക്ക് അനുസൃതമായിട്ടുള്ള കെൽട്രോൺ ടെണ്ടർ സമർപ്പിച്ചത് എന്ന് കണ്ടെത്തിയിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് കെൽട്രോണിന്റെ ടെണ്ടർ നിരസിച്ചിട്ടുള്ളത്. മൊത്തം 7 കമ്പനികളിൽനിന്നും ലഭിച്ചിട്ടുള്ള ടെണ്ടറുകളിൽ ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യാ ലിമിറ്റഡ്, കമ്പ്യൂട്ടർ മെയിന്റനൻസ് കോർപ്പറേഷൻ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളുടെ ടെണ്ടറുകളാണ് വിദഗ്ദ്ധസമിതി കാലിഫൈഡായി കണ്ടെത്തിയിട്ടുള്ളത്. അതിൽ ഏറ്റവും കുറഞ്ഞ നിരക്ക് കാട്ട് ചെയ്തിട്ടുള്ള ഇന്ത്യാ ഗവൺമെന്റിന്റെ സ്ഥാപനമായ ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യാ ലിമിറ്റഡിനെ തിരഞ്ഞെടുക്കുകയുണ്ടായി.

വ്യാജ ഡ്രൈവിംഗ് ലൈസൻസ്

92 [556] *ശ്രീ. ജോർജ് ജെ. മാത്യു:*

,, *കെ. മോഹൻ കുമാർ:*

,, *എ. കെ. മണി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജ ഡ്രൈവിംഗ് ലൈസൻസ് നൽകപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ജില്ലകളിലാണ് വ്യാജ ഡ്രൈവിംഗ് ലൈസൻസ് നൽകിയിട്ടുള്ളത് എന്ന് അറിയിക്കുമോ;

(സി) സംസ്ഥാനത്തൊട്ടാകെ എത്ര വ്യാജ ഡ്രൈവിംഗ് ലൈസൻസുകൾ കൊടുത്തിട്ടുണ്ട്;

(ഡി) വ്യാജ ഡ്രൈവിംഗ് ലൈസൻസ് നൽകുന്നവർ ആരെന്ന് കണ്ടെത്തിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly